8. ഡോ. പി. ബി. ജ്യോതിമോൻ, വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, പൂറക്കാട് - 1-4-2015 മുതൽ 21-5-2015 വരെ (അധിക ചുമതല).

9. ഡോ. പി. പുഷ്പലത, സീനിയർ വെറ്ററിനറി സർജൻ, മൃഗാശുപത്രി, പുന്നപ്ര സൗത്ത് - 22-5-2015 മുതൽ 31-5-2015 വരെ (അധിക ചുമതല)

10. ഡോ. കെ. കെ. സന്തോഷ് കുമാർ - 1-6-2015 മുതൽ തുടരുന്നു.

(ബി) ഡോക്ടർമാർ ഇല്ലാതിരുന്ന കാലയളവ് ഉണ്ടായിട്ടില്ല. സ്ഥിരം നിയമനത്തിലെ സീനിയർ വെറ്ററിനറി സർജൻ ഇല്ലാതിരുന്ന സാഹചര്യത്തിൽ അധിക ചുമതല നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ഉണ്ട്.

(ഡി) ഡോ. കെ. കെ. സന്തോഷ് കുമാർ 1-4-2015 മുതൽ 31-5-2015 വരെ ടിയാൻ മെഡിക്കൽ ഗ്രൗണ്ടിൽ പരിവർത്തിത അവധിയെടുക്കുകയുണ്ടായി.

(ഇ) നൽകിയിരുന്നു. മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാതിരുന്ന സമയങ്ങളിൽ അധിക ചുമതല നിർവ്വഹിക്കുന്നതിന് മറ്റ് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിരുന്നു. 22-12-2014-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 2271/14/എ.ഡി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരമായി സീനിയർ വെറ്ററിനറി സർജനെ നിയമിക്കുകയും ചെയ്തു.

(എഫ്) അമ്പലപ്പുഴ മൃഗാശുപത്രി നിർമ്മാണത്തിന് വഴിസൗകര്യമുള്ള വസ്തു വേർതിരിച്ച് നൽകണമെന്ന് ആശുപത്രി വികസന സമിതി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മൃഗാശുപത്രി പണിയുന്നതിന് പ്ലാനും എസ്റ്റിമേറ്റും എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകണമെന്ന് പഞ്ചായത്ത് പ്രസിഡന്റ് 28-4-2015-ൽ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്.

സബ്ട്രഷറി നിർമ്മാണത്തിന് സ്ഥലലഭ്യത

144 (2777) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുറുവിലങ്ങാട് സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് കുറുവിലങ്ങാട് ഗ്രാമപഞ്ചായത്തുവക സ്ഥലം വിട്ടു നൽകുന്നതിന് സമർപ്പിച്ച് നിവേദനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ; ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കുറുവിലങ്ങാട് സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുവക സ്ഥലം വിട്ടുനൽകുന്നതിനായുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് കോട്ടയം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിച്ച് പ്രൊപ്പോസൽ പുനർസമർപ്പിക്കുന്നതിനായി തിരികെ ഗ്രാമപഞ്ചായത്തിന് നൽകുകയുണ്ടായി. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഫയൽ നമ്പർ ജി1/3875/15.

പെരുവ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം

145 (2778) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവ.ഐ.ടി.ഐ.-ക്ക് മുളക്കുളം പഞ്ചായത്തുവക സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നത് സംബന്ധിച്ച കാലതാമസം വ്യക്തമാക്കുമോ ; പ്രസ്തുത ഫയലിൽ തീരുമാനം വൈകുന്നതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ.-ക്ക് ഈ വർഷം കോഴ്സുകൾ ആരംഭിക്കാതെ പ്രവർത്തനം നിർത്തി വച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫയൽ നമ്പർ 80998/ആർ.ഐ4/2014-ൽ തീരുമാനമെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly